Santhigiri

# ഉണ്മതകം

VOL 05 | ISSUE 13 | 2019 മാർച്ച് 31 | 1194 മീനം 17

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഈ അന്തരീക്ഷത്തിൽ നീട്ടിയൊന്നു നോക്കിയാൽ ഒരു രൂപ വട്ടപ്പാടിൽ എത്രയോ അണുക്കൾ മിന്നിമറയുന്നതു കാണാം. അങ്ങനെയുള്ള എണ്ണിയാലൊടുങ്ങാത്ത അണുക്കളിൽ ഒന്നുമാത്രമാണ് നാമെന്ന് ചിന്തിച്ചാൽ മതി. "



മോഹൻലാൽ പ്രണവപത്മം പുരസ്ക്കാരം ജാലാനാഥ് ഖനാലിൽ നിന്നും സ്വീകരിക്കുന്നു

# ഉത്സവാന്തരീക്ഷത്തിൽ മോഹൻലാൽ ശാന്തിഗിരി പ്രണവപത്മം പുരസ്ക്കാരം ഏറ്റുവാങ്ങി

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ 'പ്രണവപത്മം' പുരസ്കാരം മതാതീത ആത്മീയതയുടെ ചൈതന്യം നിറഞ്ഞുനിന്ന വേദിയിൽ ജനസഹസ്രങ്ങളുടെ ഹർഷാരവത്തെ സാക്ഷിയാക്കി നടൻ മോഹൻലാൽ ഏറ്റുവാങ്ങി. ഗുരുവിന്റെ അനശ്വരവാണി ശ്രവിച്ചതിന് ശേഷം ഇടയ്ക്കയും സോപാനസംഗീതവും തീർത്ത ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ നേപ്പാൾ മുൻ പ്രധാനമന്ത്രി ജാലാനാഥ് ഖനാൽ പുരസ്ക്കാര ശില്പം മോഹൻലാലിന് സമ്മാനിച്ചു.

മാർച്ച് 25ന് വൈകുന്നേരം ആറിന് ആശ്രമത്തിലെത്തിയ മോഹൻലാൽ പർണ്ണശാലയിൽ പുഷ്പസമർപ്പണം നടത്തി. തുടർന്ന് അഭിവന്ദ്യ ശിഷ്യപൂജിതയെ ദർശനം നടത്തി. ശാന്തത നിറഞ്ഞ ആശ്രമാന്തരീക്ഷം തന്റെ ശരീരത്തിലേക്ക് ആത്മീയ തരംഗം സൃഷ്ടിക്കുന്നതായി അദ്ദേഹം ശിഷ്യപൂജിതയെ അറിയിച്ചു. തുടർന്ന് സമ്മേളനവേദിയിലെത്തിയ മോഹൻലാലിനെ സദസ്സ് ഹർഷാരവത്തോടെ സ്വാഗതം ചെയ്തു. പുരസ്ക്കാരദാനത്തിനുശേഷം ജാലാനാഥ് ഖനാൽ നേപ്പാളിലെ പ്രത്യേക തലപ്പാവ് മോഹൻലാലിന് സമ്മാനമായി നൽകി. ഡോ. ജോർജ്ജ് ഓണക്കൂറിന്റെ ആത്മകഥ 'ഹൃദയരാഗങ്ങൾ' പുസ്തകത്തിന്റെ പ്രകാശനം ഗോകുലം ഗോപാലന് നൽകി മോഹൻലാൽ നിർവ്വഹിച്ചു. ശ്രീകുമാരൻ തമ്പി ഫൗണ്ടേഷന്റെ ലോഗോ പ്രകാശനവും നടന്നു. ഫാൻസ് അസോസിയേഷൻ പ്രതിനിധികൾ മോഹൻലാലിന് ഹാരം ചാർത്തി.

പുരസ്കാരദാന ചടങ്ങിനോടനുബന്ധിച്ച് മോഹൻലാൽ ചിത്രങ്ങളിലെ ഗാനങ്ങൾ ഉൾപ്പെടുത്തി പിന്നണി ഗായകരായ പന്തളം ബാലൻ, ജാസി ഗിഫ്റ്റ്, സുധീപ് കുമാർ, രവിശങ്കർ, അഖില ആനന്ദ്, മണക്കാട് ഗോപൻ, അജിത് രാജ്, സരിത റാം തുടങ്ങിയവർ ആലപിച്ച ഗാനതരംഗം, വയലിനിസ്റ്റ് ശബരീഷിന്റെ നാദധാര, ചലച്ചിത്രതാരം നോബി മാർക്കോസും സംഘവും അവതരിപ്പിച്ച ഹാസ്യവിരുന്ന്, ചാൾസ് ആന്റണിയുടെ ഗിത്താർ സംഗീതം എന്നീ പരിപാടികൾ ഉൾപ്പെട്ട 'വിസ്മയ മോഹനം' കലാവിരുന്ന് സംഘടിപ്പിച്ചിരുന്നു.

## പുരസ്കാര സമ്മേളനം ആയിരങ്ങൾ ഒഴുകിയെത്തി

**തിരുവനന്തപുരം:** പ്രണവപത്മം പുരസ്കാരം പത്മഭൂഷൺ മോഹൻലാൽ ഏറ്റുവാങ്ങുന്നത് കാണാൻ ജാതിമതഭേദമെന്യേ ആയിരങ്ങൾ ശാന്തിഗിരിയിലേക്ക് ഒഴുകിയെത്തി. ഉച്ചക്ക് 2 മണിമുതൽ സമ്മേളനപ്പന്തലിലേക്കുള്ള പ്രവാഹം ആരംഭിച്ചിരുന്നു. സമീപകാലത്ത് തിരുവനന്തപുരത്ത് നടന്ന ഏറ്റവും വലിയ പരിപാടികളിലൊന്നായി മാറി ഈ ചടങ്ങ്. പർണ്ണശാല സമർപ്പണത്തിനു ശേഷം ആശ്രമത്തിലും ഇത്രയും വിപുലമായ പരിപാടി നടക്കുന്നത് ആദ്യമായാണ്. പുരസ്കാരദാനത്തിനായി ഒരുക്കിയിരുന്ന പന്തലും ഗ്രൗണ്ടും ജനങ്ങളെക്കൊണ്ട് നിറഞ്ഞ് കവിഞ്ഞു. ബൈപ്പാസ്സ് റോഡിന്റെ ഇരുവശത്തും സ്ത്രീകളും പുരുഷന്മാരും കുട്ടികളുമുൾപ്പെടെയുള്ള ആളുകൾ തിങ്ങിനിറഞ്ഞിരുന്നു. മോഹൻലാലിനെ ഒരുനോക്ക് കാണാൻ ജില്ലയ്ക്കകത്തും പുറത്തുമുള്ള ആരാധകർ എത്തിയിരുന്നു. അൻപതിനായിരത്തിൽപ്പരം ആളുകൾ ചടങ്ങിൽ പങ്കെടുത്തു.



മോഹൻലാൽ താമരപർണശാലയിൽ



മോഹൻലാലിന് താരമപൂക്കൾ നൽകി സ്വീകരിക്കുന്ന കുരുന്നുകൾ

# ഗുരുവാണി

ഈ ഭൂമിക്ക് ഒരു പ്രപഞ്ചസത്യമുണ്ട്, ശക്തിവിശേഷമുണ്ട്. ഭൂമി ഒരു ഗോളമായിട്ടാണല്ലോ നിൽക്കുന്നത്. അതുപോലെ അനേകായിരം ഗോളങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ആകാശം. ഒരു സൗരയൂഥമായി ചുറ്റി നിൽക്കുന്ന സൂര്യനും മറ്റ് ഒൻപതുഗ്രഹങ്ങളും. ഈ ഒമ്പതും കറങ്ങുന്നു. സൂര്യൻമാത്രം സ്ഥിരമായി നില്ക്കുന്നു – സൗരയൂഥം! ഈ സൗരയൂഥവുമായി ബന്ധിപ്പിച്ച് ഇരുപത്തിയേഴു നക്ഷത്രം പന്ത്രണ്ടുരാശി ഒമ്പത് ഗ്രഹം എന്നു കണക്കെടുത്തിരിക്കുന്നു. ഇതിന്റെ വലിപ്പവും ദൂരവും അളന്ന് കൂട്ടി കുറച്ച് ഈ പറഞ്ഞ ആളിനെ ഒന്നും ചെയ്യേണ്ട കാര്യമില്ല. അവൻ അതിനൊന്നുമല്ല വന്നത്. താൻ എന്തൊക്കെയായിപ്പോയിട്ടുണ്ട്. താൻ എത്ര ചീത്തയായി, എത്ര നല്ലതായി – ഇതു മാത്രമേ അവൻ ചിന്തിക്കുന്നുള്ളൂ. ഇതു മാത്രമേ ഗുരു പറഞ്ഞുകൊടുക്കുന്നുള്ളൂ. ഈ നക്ഷത്രത്തിന്റെ അളവിലും തൂക്കത്തിലും അതിന്റെ കാര്യത്തിലും കാരണത്തിലും അറിഞ്ഞും അറിയാതെയും അനേകം ജീവസ്വഭാവത്തിൽ നിൽക്കുന്ന ജീവരഹസ്യമുണ്ട്. ഇത് ഒരു ജീവിതം കൊണ്ട് അറിഞ്ഞുപോകാൻ കഴിയുകയില്ല. ഇവിടെയാണു ഗുരുവിന്റെ പ്രാധാന്യം.

ഇങ്ങനെയുള്ള ലോകങ്ങളും സഞ്ചാരപഥങ്ങളും കണ്ടിട്ട് താനും ഗുരുവുമായി സഞ്ചരിക്കുകയാണ്. നല്ലതിലും ചീത്തയിലുമൊക്കെ താനും ഗുരുവുമായിട്ടു സഞ്ചരിക്കുകയാണ്. ഇതാണ് സത്യമാർഗത്തിലേക്കുള്ള സഞ്ചാരം. ജീവിതത്തിൽ ഇന്ന അനുഭവങ്ങളൊക്കെ ഉണ്ടായില്ലേ എന്നു ഗുരു ചോദിക്കുകയില്ല. ഗുരുവിനോടു ശിഷ്യൻ പറയണം. എന്നിട്ട് ഈ ജീവിതരഹസ്യം ഗുരു പറഞ്ഞുകൊടുക്കുകയാണ്, വിവേകാനന്ദനു ശ്രീരാമകൃഷ്ണൻ എന്നതുപോലെ. ശ്രീരാമകൃഷ്ണൻ ഒരു പദവിവരെ എത്തിയിട്ട് ആ പദവി ശിഷ്യനു കാണിച്ചു കൊടുക്കയാണ്.

ജാഗ്രത് – സ്വപ്ന – സുഷുപ്തിയിലും പിന്നെ തുര്യബോധത്തിലും ഇരുന്നു കാണും, യാതൊരു വിശേഷവിധിയുമില്ലാതെ. തന്റെ ജീവനും തന്റെ കർമശേഷിയും കാണുകയാണ്, ജാഗ്രത് – സ്വപ്ന – സുഷുപ്തിയിലും തുര്യത്തിലും തുര്യതീതത്തിലും. തുര്യത്തിൽ വച്ചാണ് ഇത് തിരിയുന്നത് – ദേവൻ എന്ത് ദേവി എന്ത്, ഋഷി എന്ത്, സന്യാസി എന്ത് തുര്യമെന്ത് അങ്ങനെ തുര്യഭേദം അതാകും. അങ്ങനെ വന്നപ്പോൾ അതു ഗുരു പറഞ്ഞു കൊടുക്കണം. കാണുകമാത്രമല്ല തൃപ്തിയോടെ തന്നെ കാണാം. അപ്പോൾ, വിവേകാനന്ദൻ ആര്, ഇന്നോളം വന്നിരിക്കുന്ന ഋഷിവര്യന്മാർ ആര്, ഇന്നോളം വന്നിരിക്കുന്ന പ്രവാചകൻമാർ ആര്. ഇതെല്ലാം ഈ ഗുരുവിൽ ഉൾപ്പെട്ടു നിൽക്കണം. അല്ലാത്തവൻ ഗുരുവല്ല. എല്ലാം തെളിഞ്ഞുതന്നെ കിട്ടും.

അങ്ങനെ അനേകായിരം ജന്മത്തിൽ ഈ ഗുരുശിഷ്യബന്ധത്തിൽ അനേകായിരം ജനങ്ങളെ കണ്ടിരിക്കും. അത് ഉണ്ടെന്നോ ഇല്ലെന്നോ പറയേണ്ട കാര്യമില്ല. അതിങ്ങനെ അനേകജന്മങ്ങളായിട്ട് വന്നുപോയിരിക്കുകയാണ്. പക്ഷേ തനിക്കുള്ള ഒരേ ഒരു ബന്ധം – താനും ഗുരുവും മാത്രം. തനിക്ക് അനേകായിരം ബന്ധങ്ങൾ ജന്മാന്തരങ്ങളായിട്ടുണ്ടെങ്കിലും അവസാനം താനും ഗുരുവും മാത്രമായി കാണുകയാണ്. അതുകൊണ്ട് തന്റെ ഈ ജീവിതം നികഴ്ത്തിക്കൊണ്ടുപോകാൻ ഗുരുവിനല്ലാതെ മറ്റാർക്കും കഴിയുകയില്ല.

ഒരാളിന്റെ കർമഗതിപോലെയല്ല മറ്റൊരാളിന്റെ കർമഗതി. അതുകൊണ്ട് ഒരാളോട് ഇടപെടുന്നതുപോലെയല്ല ഗുരു മറ്റൊരാളോട് ഇടപെടുന്നത്. ലോകം മൊത്തമുള്ള കർമത്തിൽ നമ്മൾ ഇടപെട്ടു കാണും. ഇതെല്ലാം സ്വപ്നത്തിൽ കണ്ടുകൊണ്ടിരിക്കും. ജാഗ്രത്തും സ്വപ്നവും സുഷുപ്തിയും ഗുരു വിശദീകരിച്ചു പറഞ്ഞുതന്നിട്ട് പിന്നെ തുര്യത്തിലേക്കു കടത്തിവിടും. ഇന്നോളം വന്നിട്ടുള്ള ഏതെല്ലാം പ്രവാചകൻമാരും ഏതെല്ലാം ഗുരുക്കന്മാരുമുണ്ടോ അതിന്റെയെല്ലാം പ്രകൃതത്തിൽ ഈ കർമഗതിയെ എല്ലാം കളഞ്ഞും എടുപ്പിച്ചും ചെയ്തും ചെയ്യിപ്പിച്ചും അറിഞ്ഞും അറിയിച്ചും അങ്ങനെ അനേകസ്വഭാവത്തിൽ വരുന്നതാണ് ഗുരുവിന്റെ പ്രകൃതം. അമ്മയായും അച്ഛനായും ഭാര്യയായും മക്കളായും ഭർത്താവായും ഇങ്ങനെ അനേകായിരമായി വരുന്നതിനെയൊക്കെ എന്തിനു നോക്കുന്നു എന്നു വേദാന്തികൾ പറയുന്നു. വേദാന്തികൾ അക്ഷരം കൊണ്ടു വ്യാഖ്യാനിച്ചാൽ ഈ കർമം ഇല്ലാതാകുമോ?

## വചനദീപ്തി

*ഭക്തികൊണ്ടല്ലാതെ മറ്റേതു സാധനകൊണ്ടും ഈശ്വരാനുഗ്രഹത്തിനൊരാൾ പാത്രമാവുന്നില്ല.*

**സ്വാമി ജ്ഞാനാനന്ദ സരസ്വതി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2019 ഏപ്രിൽ 05- **കരുണപുരം**

ഏപ്രിൽ 06- **ജ്യോതിപുരം**

## യാമപ്രാർത്ഥന

2019 ഏപ്രിൽ 04 :- 9 PM- 12 AM

# മനസ് സങ്കല്പംകൊണ്ട് നിറയ്ക്കണം

പ്രകാശപഥം

സന്ന്യാസത്തിനുതന്നെ അനവധി സ്വഭാവങ്ങളുണ്ട്. ഒരു ഭിക്ഷാംദേഹി എങ്ങനെ നടക്കുന്നുവെന്നും ഒരു സാധാരണക്കാരൻ എങ്ങനെ നടക്കുന്നുവെന്നും എല്ലാം ഗുരു നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ഗുരുവിന്റെ ജീവിതവും അതുതന്നെയാണ്. എന്റെ ഗുരുവിന്റെ പർണ്ണശാലയുടെ പണി ഇനി വേറൊരു മാർഗത്തിലേക്ക് ചെയ്യുകയാണ്. ഈ ചെയ്യുന്നത്, അഖണ്ഡനാമം ജപിച്ചുകൊണ്ട് മാത്രമേ ചെയ്യാവൂ. കാരണം നമ്മൾ മനുഷ്യനാണ്. മനുഷ്യന് അതീതമായ ഒരു സങ്കല്പത്തിന്റെ വശത്തേക്ക് നാം പോകുമ്പോൾ എന്റെ കുടുംബത്തിനും ഒരു ദോഷവും ഉണ്ടാവരുത്; എന്റെ പരമ്പരയ്ക്കും ചെയ്യുന്ന എനിക്കും ഉണ്ടാവരുത്. എന്താണോ എന്റെ ഗുരു ആഗ്രഹിക്കുന്നത് അത് നടക്കണം. ഇത് ഞങ്ങളെക്കൊണ്ട് പൂർത്തീകരിക്കാൻ പറ്റണം. ഞങ്ങളായിട്ടല്ല ഇത് ചെയ്യുന്നത്. എന്റെ കൈയും എന്റെ മനസും ശരീരവും ഗുരുവിന്റേതാണെന്നുള്ള സങ്കല്പത്തിൽ വേണം ചെയ്യാൻ. ഒരു ഉളി തെറിച്ച് ഇവിടെയെങ്ങാനും വീണാൽ നിങ്ങൾക്കെന്ത് പറയാൻ പറ്റും. വലിയ കാര്യങ്ങൾ ചെയ്യുമ്പോൾ, അതിന്റെ കൂടെത്തന്നെ വലിയ ആപത്തും ഉണ്ടാവുന്ന സംഗതികളാണ് നമ്മൾ ഇവിടെ അനുഭവിച്ചു കൊണ്ടിരിക്കുന്നത്.

ഗുരു ആദ്യമേ പറഞ്ഞിട്ടുണ്ടായിരുന്നു, നിങ്ങൾ ഈ പണി തുടങ്ങുമ്പോൾ നിങ്ങളുടെ ഓരോ ജീവിതത്തിലും ഒരു ചെടി പറിച്ച് മാറ്റിവെക്കുന്നതുപോലെ പിന്നീടത് ഉറപ്പിക്കുന്നതുപോലെതന്നെ വേദനവരുമെന്നാണ്. അതിനുശേഷം ഇവിടെ എന്തെല്ലാം സംഭവവികാസങ്ങൾ ഉണ്ടായി. എന്തെല്ലാം നന്മകൾ വന്നു എന്നു നാം ചിന്തിക്കണം. ആത്മീയ ജീവിതമെന്നു പറയുമ്പോഴും ഭൗതികജീവിതമെന്നു പറയുമ്പോഴും നമ്മൾ നിസ്സാരമായി കരുതരുത്. ഒരു വിവാഹത്തിന്റെ കാര്യം തന്നെ ജ്യോത്സ്യന്റെ അടുത്ത് പോയി നോക്കും. അല്ലെങ്കിൽ ഒരു പുരയ്ക്ക് കുറ്റിയടിക്കാൻ വേണ്ടി എന്തിന് നോക്കുന്നു. അത് എനിക്ക് പണിയാൻ കൊള്ളാമോ, ആ ഗൃഹത്തിൽ ഞാൻ കഴിയുമ്പോൾ എന്തൊക്കെയാണ്, അപ്പോൾ അതിന് ആ കണക്കുവെച്ച് നാം നോക്കുകയാണ്. നമ്മുടെ കഴിഞ്ഞുപോയതും ഇനി കഴിയാനിരിക്കുന്നതും കാണിച്ചുതരുന്ന ഗുരു അതൊന്നുമല്ല, അവൻ നല്ലതാവണമെങ്കിൽ എങ്ങനെയിരിക്കണം, അവന്റെ കർമം എന്താവണം എന്നു മനസിലാക്കി ചെയ്യിക്കുകയാണ്. അതിന് ഗുരുവിൽ നിന്നുള്ള വാക്കിനെ അനുസരിക്കാനുള്ള ഒരു പ്രാപ്തിയാണ് നമുക്കു വേണ്ടത്. ഒരു ജന്മം വന്നാൽ എങ്ങനെയിരിക്കണം, ഒരു വിവാഹം കഴിച്ചാൽ പിന്നെയൊരു വർഷം കഴിഞ്ഞിട്ട് നാമെങ്ങനെയൊക്കെയായിത്തീരണം, ഏതൊക്കെ നീചകർമങ്ങളിൽപ്പെട്ടു പോവുന്നവർ എത്രയോ ഉണ്ട്. അവന്റെ ഹൃദയത്തിലെ ലക്ഷ്യങ്ങൾ സാധിക്കുന്നവർ എത്രയോ ഉണ്ട്.

ഇങ്ങനെയൊക്കെയുള്ള ഓരോ കാര്യം മനസിലാക്കിയിട്ട് നമ്മളോരോരുത്തരും ഇവിടെ കഴിയുന്നത് എന്തിനുവേണ്ടി, എന്തായിത്തീരാനാണെന്ന് മനസ് സങ്കല്പംകൊണ്ട് നിറയ്ക്കണം. ഹീനമായ സങ്കല്പം എന്നല്ല ഉദ്ദേശിക്കേണ്ടത്. ഒരുത്തൻ എന്നോട് ഒരു കാര്യം എനിക്ക് ഇഷ്ടപ്പെടാത്തത് പറഞ്ഞാൽ അവന് ഇന്നയിന്ന ദോഷം വരണമെന്നോ അല്ലെങ്കിൽ ഇന്നതായിത്തീരണമെന്നോ അല്ല സങ്കല്പിക്കേണ്ടത്. അവൻ എന്നേക്കാൾ ഉപരി നല്ലതാവണം, അവൻ എന്റെ നന്മയ്ക്കുവേണ്ടിയാണ് അത് പറഞ്ഞത് എന്ന് ഓർമിച്ചിട്ട് അവന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള ഒരു സങ്കല്പശേഷി ഉണ്ടാവണം. അതാണ് ആശ്രമ പരിചയം. ചെറിയകാര്യമാണ് ഞാൻ പറഞ്ഞതെങ്കിലും ആ സങ്കല്പത്തിന്റെ വലിപ്പം ഏറെയും ഉന്നതമായ സ്ഥാനത്ത് നിങ്ങളെ എത്തിക്കും.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സത്യത്തിന്റെ നിത്യശുഭകരമായ മാർഗം

മാനവരാശിയെ വഴിതെറ്റിച്ച ധർമ്മഭ്രംശത്തിൽനിന്നും ലോകത്തെ രക്ഷിക്കാൻ ആചാര്യന്മാർ യുഗങ്ങൾതോറും നിയുക്തരായി. എന്നാൽ യുഗങ്ങളായി കർമ്മവൈകൃതങ്ങളുടെയും ധർമ്മച്യുതിയുടെയും ഊരാക്കുടുക്കുകളിൽനിന്ന് മനുഷ്യരാശിയെ മോചിപ്പിക്കാൻ വന്നുപോയ ആചാര്യന്മാർക്കു സാധിക്കാതെ പോയി. സത്യദർശനത്തിന്റെ പരിധിക്കുവെളിയിൽ പ്രചരിച്ചിരുന്ന പ്രാമാണികത ആഘോഷിക്കപ്പെട്ടിരുന്ന ഗ്രന്ഥസമുച്ചയങ്ങളൊന്നും തന്നെ അവരെ സഹായിച്ചതായിക്കാണുന്നില്ല. പ്രതികൂലഭാവങ്ങളിൽ പ്രവർത്തിച്ച സൂക്ഷ്മശക്തികൾ ആചാര്യന്മാരുടെ വഴിയിൽ വമ്പിച്ച പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്തപ്പോൾ ദുർവഹമായ പ്രതിസന്ധികളിലാണ് അവർ ചെന്നുപെട്ടത്.

ഈ വിഷയത്തിൽ നിർണായകവും വിധിവിഹിതവുമായ ധർമ്മം സ്ഥാപിക്കുവാനും അതിനൊത്ത കർമ്മകാണ്ഡം വിഭാവനം ചെയ്യാനുമായി നിയോഗം ഏറ്റുവന്ന ഗുരുവിലൂടെ ഈ കലിയുഗം ധന്യമായി. ഗുരുവിന്റെ നിയോഗത്തിന്റെ മഹിമ വിനയപൂർവ്വം അറിഞ്ഞെടുക്കുവാനും കർമ്മത്തിലൂടെ ഫലസംപ്രാപ്തിയിലെത്തിക്കാനുമുള്ള അറിവും അർപ്പണബുദ്ധിയും ഈ പരമ്പരയ്ക്ക് ഉണ്ടാകണം. ദൈവകാരുണ്യത്തിന്റെ തെളിവും വെളിപാടുമായ ഈ വിഷയം ആത്മീയത്തിൽ ആശയപരമായ ഒരു നവോത്ഥാനം കുറിക്കുന്നു. ആദിമസത്തയുടെ പ്രകാശപൂരത്തിൽ നിന്നും ത്യാഗജീവിതങ്ങളുടെ അനന്തപരമ്പരയിലൂടെ വന്നെത്തിയ കാരുണ്യമാണ് ഗുരുവിലൂടെ ഈ പരമ്പരയ്ക്കു ദാനമായി ലഭിച്ചിരിക്കുന്നത്. ഗുരുവിന്റെ ഉപദേശനിർദേശങ്ങൾക്ക് അനുസൃതമായുള്ള ജീവിതങ്ങളിൽ പരമ്പര ആർജ്ജിക്കേണ്ടത് സത്കർമ്മശേഷിയാണ്. വരും പുരുഷാന്തരങ്ങൾക്കു പൈതൃകമായിരിക്കേണ്ട മാർഗദർശക സ്വഭാവം ഗുരുവിന്റെ നിയോഗം പ്രാവർത്തികമാക്കുന്നതിലൂടെ നേടാൻ ഈ പരമ്പര ബാധ്യസ്ഥമാണ്. ഈ പരമ്പരയിലെ വിശ്വാസികളുടെ ചിന്തയും വാക്കും പ്രവൃത്തിയും ഗുരുവചനങ്ങൾക്ക് അനുസൃതമായിരിക്കണം. കർമ്മത്തിന്റെ പ്രാപ്തങ്ങൾ ഉപജീവനത്തിനും അതിജീവനത്തിനും ഉപാധിയായിരിക്കുന്നു. മനുഷ്യപുരോഗതിയുടെ മാനദണ്ഡം ഭൗതികവും ആത്മീയവുമായ ഉത്കർഷമാണെന്നു കരുതപ്പെടുന്നു. വന്നുപോയ ആചാര്യന്മാർ അറിഞ്ഞതും അറിയിച്ചതും ആ തലങ്ങളോളമെങ്കിലും അറിഞ്ഞെടുക്കാനുള്ള കഴിവ് മനുഷ്യരാശി പ്രകടിപ്പിച്ചില്ല. ചെയ്തെടുത്തിടത്തോളമുള്ള പ്രാപ്തങ്ങളിൽ ഭൗതികസമ്പന്നത പല സമൂഹങ്ങൾക്കും ദാനമെന്നപോലെ ലഭിച്ചുവെങ്കിലും കാരണം അവർക്കും അജ്ഞാതമാണെന്നു തോന്നുന്നു. കാലപരിധികളുടെ പരിമിതികളാൽ ലോപം ഭവിച്ചേക്കാവുന്ന നന്മകൾ മാനവരാശിക്കു നഷ്ടപ്പെടാതെ സൂക്ഷിക്കുക എന്നതിലുപരി സത്യത്തിന്റെ നിത്യശുഭകരമായ മാർഗം എന്തെന്നു മനുഷ്യരാശി അറിയുകയും വേണം. ആത്മീയ സമ്പത്തിന്റെ സമാർജനവും ശാശ്വതീകരണവും ലക്ഷ്യമാക്കിയുള്ള മാനവരാശിയുടെ തീർത്ഥയാത്ര ശാന്തിഗിരി പ്രസ്ഥാനത്തിലൂടെ സമാരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കർമ്മശുദ്ധിയുടെയും ധർമ്മനിഷ്ഠയുടെയും പരസ്പരാവലംബം ധന്യമാക്കുന്ന ഈ തീർത്ഥയാത്ര മാനവരാശിയുടെ ശുഭയാത്രയാണ്.നന്മതിന്മകൾ വിവേചിച്ചറിഞ്ഞ് പറഞ്ഞുതരുന്ന ഗുരുവിന്റെ വാക്കുകൾ എപ്പോഴും നമുക്ക് മാർഗദർശകമായിരിക്കും. ഇത് ഈ പരമ്പരയ്ക്കും മാനവരാശിക്കു മൊത്തവും അവകാശപ്പെടുത്തി തന്നിട്ടുള്ള ദൈവകാരുണ്യമാണ്.



മോഹൻലാലിനെ ആശ്രമകവാടത്തിൽ സ്വീകരിക്കുന്നു

# പ്രിയനടന് ശാന്തിഗിരിയിൽ വമ്പിച്ച വരവേൽപ്പ്

**തിരുവനന്തപുരം:** പ്രണവപത്മം പുരസ്കാരം സ്വീകരിക്കുന്നതിനായി ശാന്തിഗിരിയിലെത്തിയ മലയാളത്തിന്റെ പ്രിയനടൻ മോഹൻലാലിന് ഊഷ്മളവരവേൽപ്പ്. വൈകുന്നേരം 6 മണിയോടെ ആശ്രമത്തിലെത്തിയ മോഹൻലാലിനെ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ ചേർന്ന് സ്വീകരിച്ചു. മുത്തുക്കുട, ചെണ്ടമേളം, നാദസ്വരം എന്നിവയുടെ അകമ്പടിയോടെയാണ് സ്വീകരണം നടന്നത്. സമ്മേളന വേദിയിലെത്തിയ മോഹൻലാലിനെ ശാന്തിഗിരി വിദ്യാഭവനിലെ വെള്ളവസ്ത്രമണിഞ്ഞ മാലാഖകളെപ്പോലുള്ള കുട്ടികൾ താമരപ്പൂക്കൾ നൽകി സ്വീകരിച്ചത് ഏറെ ശ്രദ്ധേയമായി. ലളിതവും സുന്ദരവും ഊഷ്മളവും ഏറെ മനോഹരവുമായിരുന്നു ഈ വരവേൽപ്പ്. തുടർന്ന് മോഹൻലാൽ ചിത്രങ്ങളിലെ ഗാനങ്ങൾ കോർത്തിണക്കി ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് വിദ്യാർത്ഥിനികൾ നടത്തിയ നൃത്താവിഷ്കാരം നിറഞ്ഞ ഹർഷാരവത്തോടെയാണ് സദസ്സ് വരവേറ്റത്. ദേശഭക്തി പ്രമേയമാക്കി ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച നൃത്തശില്പവും ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

# 'നല്ലപാഠം' പുരസ്കാരം ശാന്തിഗിരി വിദ്യാഭവന്

**എഡ്യൂക്കേഷൻ സോൺ:** മികവുറ്റ പ്രവർത്തനങ്ങളെ മുൻനിർത്തിയുള്ള 2018–19 അദ്ധ്യയനവർഷത്തെ മലയാള മനോരമ 'നല്ലപാഠം' ഫുൾ എ പ്ലസ് പുരസ്കാരം ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ലഭിച്ചു. ക്യാഷ് അവാർഡ് ഉൾപ്പെടെയാണ് പുരസ്കാരം. പാരിസ്ഥിതികവും സാമൂഹികവുമായ വിവിധ പ്രവർത്തനങ്ങളാണ് കവി വി. മധുസൂദനൻ നായർ ഉൾപ്പെട്ട സമിതി വിലയിരുത്തിയത്. സ്കൂൾ അഗ്രിഫെസ്റ്റിൽ പങ്കെടുത്ത് വിവിധ മത്സരങ്ങളിൽ ജേതാക്കളായ ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥികൾ മന്ത്രി വി.എസ്. സുനിൽകുമാറിനെ സന്ദർശിച്ച് കൃഷി പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആയിരത്തോളം കുട്ടികൾ കൈയൊപ്പിട്ട നിവേദനം നൽകിയിരുന്നു. ഈ പ്രവർത്തനങ്ങൾ കൂടി പരിഗണിച്ചാണ് നല്ലപാഠം പുരസ്കാരം നൽകുന്നത്.

മാതൃഭൂമി സീഡിന്റെ ഈ വർഷത്തെ ഹരിതവിദ്യാലയ പുരസ്കാരവും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന മദ്യവർജ്ജന സമിതിയുടെ പുരസ്കാരവും ശാന്തിഗിരി വിദ്യാഭവന് ലഭിച്ചിരുന്നു.

# പുരസ്കാരദാനം : സാക്ഷ്യം വഹിക്കാൻ പ്രമുഖരുടെ നീണ്ടനിര..

**തിരുവനന്തപുരം:** പ്രണവപത്മം പുരസ്കാരം നേടിയ മോഹൻലാലിനെ അഭിനന്ദിക്കാനായി രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെ നീണ്ടനിര വേദിയിലെത്തിയിരുന്നു. മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, കെ.കെ. ശൈലജ ടീച്ചർ, ഡോ. ശശി തരൂർ. എം.പി, സി. ദിവാകരൻ. എം.എൽ.എ, അടൂർ പ്രകാശ്. എം.എൽ.എ, കുമ്മനം രാജശേഖരൻ, ഡി.ജി.പി. ലോകനാഥ് ബെഹ്റ, സ്വാമി സൂക്ഷ്മാനന്ദ, ജനാബ് വി.പി. സുഹൈബ് മൗലവി, ഫാ. യൂജിൻ പെരേര, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എ.വാഹീദ്, മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ്, ശ്രീകുമാരൻ തമ്പി, എ എൻ രാധാകൃഷ്ണൻ, ശോഭാ സുരേന്ദ്രൻ, ആനാവൂർ നാഗപ്പൻ, നെയ്യാറ്റിൻകര സനൽ, എ എ റഹീം, എസ്. സുരേഷ്, ജി. ആർ. അനിൽ, ഷാഹിദ കമാൽ, എസ്. ഭുവനചന്ദ്രൻ, വിജി തമ്പി, കെ.മധുപാൽ, തുളസീദാസ്, ബാലു കിരിയത്ത്, വി. എ. ശ്രീകുമാർ മേനോൻ, സാബു ചെറിയാൻ, ദിനേശ് പണിക്കർ, ആർ.എസ്. വിമൽ, കൊല്ലം തുളസി, പ്രേംകുമാർ, സബീർ തിരുമല, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.



ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് വിദ്യാർത്ഥിനികൾ അവതരിപ്പിച്ച നൃത്തശിൽപ്പം



ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടി

## ദിവംഗതരായി



ടി.ജാനു

**കോഴിക്കോട്:** ശാന്തിഗിരി ആശ്രമം കമ്മ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് എഡിറ്റർ ടി.ശശിമോഹന്റെ മാതാവ് കോഴിക്കോട് ഗോവിന്ദപുരം 'ഉണ്മ' ഭവനത്തിൽ **ടി.ജാനു (88)** മാർച്ച് 28ന് ദിവംഗതയായി. സംസ്കാരം നടന്നു. കാച്ചിലാട്ട് കെ.സി.എം.എ. യു.പി.സ്കൂളിലെ റിട്ട. അദ്ധ്യാപികയാണ്. ഭർത്താവ് ദിവംഗതനായ യു. മാധവൻ നായർ. മറ്റ് മക്കൾ : **ടി. രാജ്മോഹൻ, ടി. ജയമോഹൻ.** മരുമക്കൾ : **വിനോദിനി, പ്രസന്ന, പത്മജ.**



പി. മധുസൂദനൻ തമ്പി

**കൊല്ലം :** ശാന്തിഗിരി വിശ്വ സാംസ്കാരിക നവോത്ഥാന കേന്ദ്രം കൊല്ലം ഏരിയ കമ്മിറ്റി അസിസ്റ്റന്റ് കൺവീനർ **പി. മധുസൂദനൻ തമ്പി (67)** തിരുവനന്തപുരം മേലാറന്നൂർ കുഞ്ചാലുംമൂട് സൗപർണ്ണികയിൽ മാർച്ച് 26ന് ദിവംഗതനായി. സംസ്കാരം നടന്നു.
ഭാര്യ: **കെ.എസ്. നന്ദകുമാരി.**
മക്കൾ: **നിതിൻ തമ്പി, നിരഞ്ജിത് തമ്പി.**
മരുമകൾ: **ഐ.ഗീതു.**


ഗുരുചരണം ശരണം

**വജ്രജൂബിലി ആഘോഷത്തിൽ നിറസാന്നിദ്ധ്യമായിരുന്ന ശാന്തിഗിരി ശാന്തിമഹിമയ്ക്ക്**

ആ ശം സ ക ൾ


ഗുരുചരണം ശരണം

**41–ാം ദേഹവിയോഗദിനം**

മാർച്ച് 31



**സുരേഷ്കുമാർ എം. കെ**
'സ്തുതി', സ്നേഹപുരം
പ്രാർത്ഥനയോടെ ,
കുടുംബാംഗങ്ങൾ




# ഗുരുത്വത്തിന്റെ അനുഗ്രഹസ്പർശമുള്ള പുരസ്കാരം

## (പ്രണവപത്മം പുരസ്കാരം ഏറ്റുവാങ്ങി മോഹൻലാൽ നടത്തിയ പ്രസംഗത്തിൽനിന്ന്)



ഗുരുർബ്രഹ്മാ......
ഗുരുർവിഷ്ണോ.....
ഗുരുർദ്ദേവോ മഹേശ്വര.....
ഗുരുസാക്ഷാത് പരബ്രഹ്മ.....
തസ്മൈ ശ്രീ ഗുരവേ നമ....

ഗുരുത്വം നിറഞ്ഞുനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ എന്നെ കേൾക്കാൻ എത്തിയ മഹനീയ സദസ്സിന് വന്ദനം. 'പ്രണവപത്മം' പുരസ്കാരത്തിന് എന്നെ തിരഞ്ഞെടുത്തതിന് ഈ പുരസ്കാര സമിതിക്ക് എന്റെ നന്ദി.

പ്രണവം എന്ന വാക്ക് പല കാരണങ്ങൾ കൊണ്ടും എനിക്ക് പ്രിയപ്പെട്ടതാണ്. എന്റെ മകന്റെ പേര് പ്രണവ് എന്നാണ്. ഞാൻ സിനിമാ നിർമ്മാണം ആരംഭിച്ച കമ്പനിയുടെ പേര് പ്രണവം എന്നായിരുന്നു. കണ്ണടച്ചിരുന്നാൽ എന്റെയുള്ളിൽ എപ്പോഴും പ്രണവം മുഴങ്ങുന്നു. അപ്പോൾ ഞാൻ ബ്രഹ്മത്തെയറിയുന്നു. എത്രയോ പുരസ്കാരങ്ങൾ എന്നെത്തേടിയെത്തിയിട്ടുണ്ട്. എല്ലാം ഞാൻ ശിരസ്സുനമിച്ചേ വാങ്ങാറുള്ളൂ. അവയെല്ലാം കലാകാരനെന്ന നിലയിൽ എനിക്ക് മുന്നോട്ടുള്ള യാത്രകൾക്ക് വലിയ പ്രചോദനമായിരുന്നു. നാം ചെയ്യുന്ന സമർപ്പണം ആരൊക്കെയോ, എവിടെയൊക്കെയോ തിരിച്ചറിയുന്നു എന്നത് നമ്മെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കും. ജീവന്റെ അവസാനകണികയും സമർപ്പിക്കാൻ നമ്മെ ബാധ്യസ്ഥരാക്കും. അങ്ങിനെയാണ് എല്ലാ പുരസ്കാരങ്ങളും ഞാൻ വാങ്ങുന്നത്.

ഈ പുരസ്കാരം അവയിൽനിന്നെല്ലാം അൽപ്പം വ്യത്യസ്തമാണ് എന്ന് ഞാൻ പറയുമ്പോൾ നിങ്ങൾ അതിനെ വെറും ഒരു സാന്ദർഭിക ഉപചാരവാക്കുകളായി എടുക്കരുത്. ഹൃദയത്തിന്റെയുള്ളിൽ നിന്നാണ് ഞാനിത് പറയുന്നത്. പറയുന്നതിന് കാരണവുമുണ്ട്. ഈ പുരസ്കാരത്തിൽ ഗുരുത്വത്തിന്റെ അനുഗ്രഹസ്പർശമുണ്ട്. പുരസ്കാരം കൈകളിൽ ഏറ്റുവാങ്ങുമ്പോൾ എന്റെ ശിരസ്സിൽ അദൃശ്യമായ വിരലുകൾ സ്പർശിക്കുന്നു. അതിനെ ഞാൻ ഏറെ വിലമതിക്കുന്നു. എല്ലാ പുരസ്കാരങ്ങൾക്കും ഈ അനുഭവം ഉണ്ടാവണമെന്നില്ല.

'ഗുരു' എന്നത് ഭാരതം ലോകത്തിന് സമ്മാനിച്ച ഏറ്റവും മഹത്തായ പ്രകാശമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ഭാരതത്തിൽ നിന്ന് അത് കിഴക്കൻ ദേശമാകെ പരക്കുകയും, പിന്നീട് പാശ്ചാത്യദേശങ്ങളെ പ്രകാശപൂർണ്ണമാക്കുകയും ചെയ്തു. ഗുരു അല്ലെങ്കിൽ ആചാര്യൻ എന്നത് നമുക്ക് കേവലം ഒരു പദമല്ല. അത് ആഴത്തിലുള്ള ഒരു ജീവിതാനുഭവമാണ്. നമ്മുടെ വേദോപനിഷത്തുക്കളും പുരാണേതിഹാസങ്ങളും മറ്റും വായിച്ചാൽ അപാര ഗംഭീരന്മാരായ ഗുരുക്കന്മാരെക്കാണാം. പരമജ്ഞാനത്തിന്റെ കെടാവിളക്കുകളായിരുന്നു ആ ഗുരുക്കന്മാർ.

ഒരഭിനേതാവായ എനിക്ക് നിയതാർത്ഥത്തിൽപറഞ്ഞാൽ ഒരു ഗുരു ഇല്ല. ഞാൻ ഏതെങ്കിലും കളരിയിൽ, ഏതെങ്കിലും ആചാര്യന്റെ കീഴിൽ അഭിനയം പഠിച്ചയാളല്ല. സാമാന്യം ദീർഘമായ ഈ അഭിനയജീവിതത്തിൽ അത്ഭുതകരമെന്ന് പറയട്ടെ, എത്രയോ സന്ദർഭങ്ങളിൽ അദൃശ്യമായ ഗുരുസാന്നിദ്ധ്യം എനിക്കനുഭവപ്പെട്ടിട്ടുണ്ട്. ഒരിക്കലും എനിക്ക് ചെയ്യാൻ സാധിക്കില്ല എന്ന് കരുതിയ പല വേഷങ്ങളും ആരോ പിറകിൽ നിന്ന് എന്നെ കെട്ടിയാടിച്ചിട്ടുണ്ട്. 'വാനപ്രസ്ഥം' എന്ന സിനിമ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. തീർച്ചയായും ഞാൻ വിശ്വസിക്കുന്നു, ഞാൻ അറിയുന്നതും അറിയാത്തതുമായ വലിയ കഥകളി ആചാര്യന്മാരുടെ അനുഗ്രഹം എനിക്കാസന്ദർഭങ്ങളിൽ ലഭിച്ചിരുന്നു. കാവാലം നാരാണയണപ്പണിക്കരുടെ കീഴിൽ 'കർണ്ണഭാരം' എന്ന നാടകം അഭിനയിച്ചപ്പോഴും എനിക്കിതേ അനുഭവമുണ്ടായി. ഒരു തുള്ളിപോലും സംസ്കൃതം അറിയാത്തയാൾ ഒരു മുഴുനീള നാടകം മുഴുവൻ സംസ്കൃതസംഭാഷണങ്ങൾ പറഞ്ഞ് അഭിനയിച്ചു. ഒരുതവണയല്ല പല തവണ. എങ്ങനെ സാധിച്ചു? ഈ സമയത്തെല്ലാം എന്റെയുള്ളിൽ മുഴങ്ങിയ അജ്ഞാതമായ ആ ശബ്ദം ഭാരതീയ ഗുരുപരമ്പരയുടേതാണ് എന്ന് ഞാൻ കരുതുന്നു. അങ്ങനെ എത്രയോ സന്ദർഭങ്ങൾ.

അഭിനയരംഗത്ത് പലപ്പോഴും ഞാൻ ഏകലവ്യനെപ്പോലെയായിട്ടുണ്ട്. മനസ്സിൽ ഒരു ഗുരുവിനെ സങ്കൽപ്പിച്ച് പ്രയത്നിച്ചുകൊണ്ടേയിരുന്നു. ആ പ്രാർത്ഥനയുടെ ഫലമാണ് ഞാനിന്ന് ആരെങ്കിലും ആയിട്ടുണ്ടെങ്കിൽ അതെല്ലാം, ഞാനെന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതെല്ലാം. അതിന്റെ ഇങ്ങേയറ്റത്തെ പത്മമാണ് ഈ പുരസ്കാരം എന്നും ഞാൻ വിശ്വസിക്കുന്നു.

ഏറ്റവും മഹാനായ ഗുരു, ശിഷ്യൻ തന്നേക്കാൾ വളരുമ്പോൾ മന്ദസ്മിതത്തോടെ ആ വളർച്ച കണ്ടിരിക്കുന്നയാളാണ്. ഏറ്റവും നല്ല ശിഷ്യൻ എത്ര വളർന്നാലും ഗുരുവിന്റെ പാദധൂളി ശിരസ്സിൽ സൂക്ഷിക്കുന്നയാളാണ്. ഇത്തരത്തിലുള്ള പരസ്പരാദരവും, സ്നേഹവുമാണ് ഭാരതീയ ഗുരുത്വത്തിന്റെ സംസ്കാരം. ശ്രീകരുണാകര ഗുരുവിനെ ഞാൻ കണ്ടിട്ടുണ്ട്. ഗുരുവിൽ നിന്ന് പ്രചോദിതമായി രാജീവ് അഞ്ചൽ സംവിധാനം ചെയ്ത 'ഗുരു' എന്ന സിനിമയിൽ അഭിനയിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. ആ ദിവസങ്ങളിൽ ഞാൻ മനസ്സുകൊണ്ട് ഗുരുവിനെ പ്രാർത്ഥിച്ചിട്ടുണ്ട്. ആ അനുഗ്രഹം ഞാനനുഭവിച്ചിട്ടുമുണ്ട്. ഇവിടെ നിൽക്കുമ്പോൾ ആ അനുഗ്രഹവർഷം തോരാതെ തുടരുന്നതായി എനിക്ക് തോന്നുന്നു; ഗുരുവേ നമ:

ഒ.വി.വിജയൻ എന്ന സന്ദേഹിയെ തീർപ്പുകളുള്ള മറ്റൊരാളാക്കിയത് കരുണാകരഗുരുവായിരുന്നു. ഇതും ഗുരുത്വത്തിന്റെ മഹത്തായ നിദർശനമാണ്. ഗുരുസാഗരം എന്ന നോവലിന്റെ ആമുഖമായി ഒ.വി.വിജയൻ എഴുതിയ വാചകങ്ങൾ ഓർത്തുകൊണ്ട് ഞാൻ എന്റെയീ പ്രഭാഷണം ഉപസംഹരിക്കട്ടെ: അദ്ദേഹം എഴുതിയത് ഇങ്ങനെയാണ്. 'തിരുവനന്തപുരത്തിന് സമീപമുള്ള പോത്തൻകോട്ടെ ശാന്തിഗിരി ആശ്രമത്തിലെ ശ്രീകരുണാകരഗുരുവിനെ ഏതാനും വർഷങ്ങൾക്ക് മുമ്പ് ഞാൻ സന്ദർശിക്കാൻ ഇടയായി. പരിചയവും സ്നേഹവും മാത്രം. എന്നാൽ ആ സമ്പർക്കം എന്റെ അറിവിന്റെ സൂക്ഷ്മതലങ്ങളിലെവിടെയോ പരിണാമങ്ങളുണ്ടാക്കി. ഗുരുസാഗരം എന്ന ഈ കഥയുടെ രൂപത്തിന് പിന്നിൽ ഒട്ടേറെ ആ പരിണതികളാണ്..' ഇതാണ് ഗുരുത്വം എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ മഹത്തായ ഗുരുത്വം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അത് നമ്മെ മാറ്റിത്തീർക്കട്ടെ, കൂടുതൽ നല്ല ലോകത്തെ സൃഷ്ടിക്കട്ടെ.







Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala